## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4092 — 21.07.2015-ലെ മറുപടിക്ക്

### അന്യസംസ്ഥാനങ്ങളിൽ നിന്നും മിൽമ വാങ്ങുന്ന പാലിന്റെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.തിലോത്തമൻ : | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും മിൽമ വാങ്ങുന്ന പാലിന്റെ ഗുണനിലവാര പരിശോധന ഏതെല്ലാം ഘട്ടങ്ങളിലായാണ് നടത്തുന്നത്; സംസ്ഥാനത്തിന് പുറത്തുള്ള ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുമാണ് മിൽമ പാൽ ശേഖരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) മിൽമയ്ക്ക് ആഭ്യന്തര വിപണിയിൽ നിന്നും ലഭിക്കുന്ന പാൽ വിപണനത്തിന് തികയാത്ത സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും സ്വീകരിക്കുന്നുണ്ട്. കൃത്യമായ ഗുണനിലവാരം ഉള്ള പാൽ നല്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനു ശേഷം മാത്രമാണ് മിൽമ പ്രധാനമായും അന്യസംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽ നിന്നും പാൽ വാങ്ങുന്നത്. ഇങ്ങനെ സ്വീകരിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനു ശേഷമാണ് സ്വീകരിക്കുന്നത്. ഇപ്പോൾ അധികമായി ആവശ്യമുള്ള പാൽ, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളുടെ കീഴിലുള്ള ഡയറികളിൽ നിന്നുമാണ് സംഭരിക്കുന്നത്. |
| (ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും ശേഖരിക്കുന്ന പാലിന്റെ ഗുണനിലവാരം ആരോഗ്യവകുപ്പിന്റെ ഏതെങ്കിലും വിഭാഗം പരിശോധിക്കുന്നുണ്ടോ ; വിശദമാക്കാമോ?. | (ബി) മിൽമ കൃത്യമായ ഇടവേളകളിൽ മിൽമയുടെ ലാബുകളിലും ഗവണ്മെന്റ് ലാബ്/ഗവണ്മെന്റ് അംഗീകൃത ലാബുകളിലും, അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്റ്റ് 2006 നിലവിൽ വന്നതോടുകൂടി അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്ത് എത്തിച്ചേരുന്ന പാലിന്റേയും പാലുൽപന്നങ്ങളുടേയും ഗുണനിലവാര പരിശോധനക്കുള്ള അധികാരം ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ